**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 103** 08.06.2015 ന് മറുപടിയ്ക്ക്

**മദ്യ വിമുക്ത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, എ.റ്റി.ജോർജ്<br>,, കെ.ശിവദാസൻ നായർ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യ വിമുക്ത കേരളം പദ്ധതി നടപ്പാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (എ) | മദ്യ വിമുക്ത കേരളം പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ച ആശയങ്ങൾ സമൂഹത്തിന്റെ നാനാതുറകളിലും എത്തിക്കുകയും, മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി 'മദ്യവിമുക്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | മദ്യാസക്തിക്കെതിരെ സ്കൂൾ, കോളേജ് കാമ്പസുകളിൽ ബോധവൽക്കരണം നടത്തുന്നതിനും മദ്യവിരുദ്ധ നയപരിപാടി സംബന്ധിച്ച വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ വളരെ ഗൗരവപൂർവ്വമാണ് സർക്കാർ കാണുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരിവിരുദ്ധ ക്ലബ്ബുകളും കോളേജ്തലത്തിൽ 194 ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എല്ലാ സ്കൂളുകളിലും കോളേജുകളിലും ഇത്തരത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾതലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും, കോളേജ്തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി യുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7,8 ക്ലാസ്സുകളിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9,10 ക്ലാസ്സുകളിലും, ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, ഹയർ സെക്കണ്ടറി ഒന്നാം വർഷ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ മദ്യ-മയക്കമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി എഫ്.എം.റേഡിയോ, സി.സി.ടി.വി, ടി.വി. ചാനലുകൾ, മാസികകൾ എന്നിവ വഴിയുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്സ്, കൂട്ട ഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, മാജിക് ഷോ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രമുഖ റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരസ്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി ബസ്സിന്റെ സൈഡ് പാനലുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പോസ്റ്റർ പതിച്ച് പ്രചരിപ്പിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പരിപാടിക്ക് സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ എന്നിവയുടെ പങ്കാളിത്തവും സഹകരണവും പ്രയോജനപ്പെടുത്തുമോ ? | (സി) | ഇത്തരം പ്രവർത്തനങ്ങളിൽ നിലവിൽ സന്നദ്ധ സംഘടനകളുടേയും, സർക്കാർ മാധ്യമങ്ങളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ